# സിബിസിഐയുടെ 32-ാം സമ്മേളനം പുറപ്പെടുവിച്ച പ്രസ്താവന
# പ്രമേയം: ആധുനിക വെല്ലുവിളികളോടുള്ള ഭാരതീയ സഭയുടെ പ്രത്യുത്തരം

**1. ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിൽ "സഭ ആധുനിക ലോകത്തിൽ" എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷനിൽ ഇങ്ങനെ പ്രസ്താവിച്ചു: "ഇക്കാലത്തെ മനുഷ്യരുടെ-വിശിഷ്യ പാവപ്പെട്ടവരുടെയും പീഡിതരുടെയും - സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്" (*ഗാവുദിയും ഏത്ത് സ്പെസ് നമ്പർ 1)*. യേശു ദൈവരാജ്യത്തെപ്പറ്റി പ്രഘോഷിച്ചു (മർക്കോ 1:14-15). ദൈവരാജ്യത്തിന്റെ സാക്ഷാത്കാരത്തിനായി പ്രാർത്ഥിക്കാനും അധ്വാനിക്കാനും തന്റെ ശിഷ്യരെ ആഹ്വാനം ചെയ്തു (മത്താ 6:9-13). സഭ രക്ഷയുടെ കൂദാശയെന്ന നിലയിൽ ദൈവത്തോടും മനുഷ്യരോടുമുള്ള സംസർഗത്തിന്റെ അടയാളവും ഉപകരണവുമാണ് (*ലൂമെൻ ജെൻസിയും നമ്പർ 1:1)*. ഈ കരുണാവർഷത്തിൽ സാർവത്രികസഭയുമായുള്ള സംസർഗത്തിൽ ദൈവകാരുണ്യം എല്ലാവരിലേക്കും - പ്രത്യേകിച്ച് ദരിദ്രരിലേക്കും നിന്ദിതരിലേക്കും രോഗികളിലേക്കും ക്ലേശിക്കുന്നവരിലേക്കും - എത്തിച്ചേരാനുള്ള മാർഗങ്ങളായിത്തീരാം. അങ്ങനെ നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രത്തിനു നമ്മുടെ സംഭാവന നല്കാം.

കത്തോലിക്കാസഭയുടെ നേതാക്കളെന്ന നിലയിൽ ഇൻഡ്യയിലെ സഭയുടെ 170 രൂപതകളിൽ നിന്നുള്ള 182 മെത്രാന്മാർ ബാംഗ്ലൂരിൽ സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2016 മാർച്ച് 2 മുതൽ 9 വരെ സമ്മേളിച്ചു. സിബിസിഐയുടെ ഈ 32-ാം സമ്പൂർണ സമ്മേളനത്തിന്റെ ലക്ഷ്യം ആധുനിക വെല്ലുവിളിയോട് ഭാരതീയ സഭയ്ക്കുള്ള പ്രത്യുത്തരം എന്ന വിഷയത്തെക്കുറിച്ചു പര്യാലോചിക്കുകയെന്നതായിരുന്നു. ഭാരതീയസഭ പ്രചലനാത്മകമായ ഒരു സമൂഹമാണ്. വിദ്യാഭ്യാസം, സാമൂഹിക വികസനം, ആരോഗ്യശുശ്രൂഷ, സേവനം എന്നിവയിലൂടെ - പ്രത്യേകിച്ച് ദരിദ്രരെ സംബന്ധിച്ചു നടത്തുന്ന പ്രസ്തുത സേവനരംഗങ്ങളിലൂടെ - രാഷ്ട്ര നിർമ്മിതിക്ക് ശ്രദ്ധേയമായ സംഭാവന നല്കിക്കൊണ്ടിരിക്കുന്ന സമൂഹമാണ്. സ്വയംഭരണാധികാരമുള്ള മൂന്നു സഭകൾക്കുമുള്ള ധാരണ, ചൈതന്യം, സഹകരണം എന്നിവയെ സിബിസിഐ ആദരപൂർവം അംഗീകരിക്കുന്നു. ഭാരതത്തിലെ ബഹുത്വസ്വഭാവമുള്ള സംസ്കാരം മതാത്മകത, സമാധാനം, ലാളിത്യം, സഹിഷ്ണുത മുതലായ വിശിഷ്ഠ മൂല്യങ്ങളുള്ളതാണ്. മഹാത്മഗാന്ധിയും മറ്റു പല സിദ്ധന്മാരും ജീവിച്ചു കാണിച്ചിട്ടുള്ള സദ്ഗുണങ്ങളാണവ. എന്നാൽ ഇൻഡ്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഭീകരവാദികൾ നിഷ്കളങ്കരെ കൊല്ലുന്നതിൽ ഞങ്ങൾക്കുള്ള ദുഃഖം ഇവിടെ പ്രകടിപ്പിക്കുന്നു. അടുത്തകാലത്ത് യമനിൽ മിഷണറീസ് ഓഫ് ചാരിറ്റിയെന്ന സമൂഹത്തിലെ സന്ന്യാസിനികളെയും അവരുടെ സഹകാരികളെയും കൊന്നുവെന്നറിഞ്ഞ് ഞങ്ങൾ ഞെട്ടിപ്പോകുന്നു.

താഴെപ്പറയുന്ന വിഷയങ്ങളിൽ ഭാരതീയ സഭ നേരിടുന്ന വെല്ലുവിളികളോടു പ്രത്യുത്തരിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്:

**2. സഭയിലും രാജ്യത്തിലുമുള്ള വെല്ലുവിളികൾ**

**2.1. സഭയിലുള്ള വെല്ലുവിളികൾ**

i. കുടുംബമൂല്യങ്ങളുടെ അധോഗതി-കുടുംബങ്ങളിലെ സംഘർഷവും വിവാഹമോചനത്തിന്റെ വർധനവും ഗർഭഛിദ്രങ്ങളും വിവാഹത്തെ ഒരു കൂദാശയായി മനസ്സിലാക്കാതിരിക്കലും.

ii. ആധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളുടെ അധോഗതി മൂലമുണ്ടാകുന്ന വർധമാനമായ ഭൗതികതാവാദം, ഉപഭോഗസംസ്കാരം സാമൂഹിക മീഡിയകളോടുള്ള ആസക്തി.
ii. ക്രൈസ്തവ വിളിയോടു കാണിക്കുന്ന വർധമാനമായ നിസ്സംഗതയും സമർപ്പണബോധരാഹിത്യവും
iv. ലിംഗവ്യത്യാസം, ജാതി, ഭാഷ, വിശ്വാസം, പദവി, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിലുള്ള അസംവേദകത്വം
v. സാർവത്രിക ഐക്യത്തെ സംബന്ധിച്ച സമർപ്പണബുദ്ധി രാഹിത്യം
vi. സ്ഥാപനവത്കരണസംബന്ധമായിട്ടുള്ള അമിതവ്യഗ്രത
vii. ഏകരക്ഷകനായി ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ഉത്സാഹത്തിന്റെ അപര്യാപ്തതയും ഭീതിയും
viii. സമൂഹജീവിതത്തെ ബാധിക്കുന്ന വൻതോതിലുള്ള കുടിയേറ്റം

**2.2. രാജ്യത്തിനുള്ളിലെ വെല്ലുവിളികൾ**
i. വൻതോതിലുള്ള ദാരിദ്ര്യവും സമ്പന്നരും ദരിദ്രരും തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധമാനമായ വിടവും.
ii.അഴിമതി, നിരക്ഷരത, ബാലവേല, വർധിച്ചുക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ, മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള വർധമാനമായ ആസക്തി
iii. നിരീശ്വരപരമായ സെക്കുലറിസവും പ്രായോഗിക നിരീശ്വരത്വവും
iv. ഇടുങ്ങിയ സംശ്ലിഷ്ട സാംസ്കാരിക ദേശീയതാവാദം
v. മാധ്യമങ്ങളുടെ ഒരു വിഭാഗത്തിന്റെ വൈകാരികതാവാദവും സ്വേഛാധിപത്യവും
vi. വിദ്യാഭ്യാസവ്യവസ്ഥിതിയെ ദുരുപയോഗിക്കാനുള്ള വ്യവസ്ഥാപരവും സംഘടിതവുമായ പരിശ്രമം.
vii. മാനസാന്തരപ്പെടാൻ ഓരോ വ്യക്തിക്കുമുള്ള മൗലികമനുഷ്യാവകാശത്തോടുള്ള എതിർപ്പ്
viii. വ്യാപകമായ അസഹിഷ്ണുത, മതഭ്രാന്ത്, മതമൗലികതാവാദം, പ്രബുദ്ധർ, സാമൂഹികപ്രവർത്തകർ, മതപ്രവർത്തകർ സ്ഥാപനങ്ങൾ എന്നിവർക്കെതിരേയുള്ള ആക്രമണങ്ങളും കൊടുംക്രൂരത പ്രവർത്തനങ്ങളും
ix. ഭരണഘടന ഉറപ്പുവരുത്തിയുള്ള മൗലികാവകാശങ്ങളെ പ്രത്യേകിച്ച് ന്യൂനപക്ഷാവകാശങ്ങളെ ലംഘിക്കൽ
x. വർധമാനമായ കുറ്റകൃത്യങ്ങളും ഭീകരപ്രവർത്തനങ്ങളും
xi. ദളിത് ക്രിസ്ത്യാനികൾക്ക് എസ്.സി. പദവി നിഷേധിക്കൽ

**3.0. ദർശനവും ദൗത്യവും: പുനഃപ്രസ്താവന**

**3.1. ദർശനം:** ക്രിസ്തുശിഷ്യരുടെ സമൂഹമെന്ന നിലയിൽ സഭ ദൈവരാജ്യത്തിന്റെ സേവനത്തിലാണ്. സമൂഹത്തിൽ ജീവിക്കുന്നതും സമൂഹത്തെ സ്വാഗതം ചെയ്യുന്നതുമായ ഒരു സമൂഹമെന്ന നിലയിൽ, ക്രിസ്തുവിന്റെ തുടർസാന്നിധ്യമാണു സഭ. ആ നിലയിൽ അത് സ്നേഹം, നീതി, സമത്വം, കാരുണ്യം സമാധാനം എന്നീ മൂല്യങ്ങൾ സാക്ഷാത്കരിക്കുന്നു. സമൂഹത്തിന്റെ പ്രകാശവും ഉപ്പും പുളിമാവുമെന്ന നിലയിൽ സഭ ജനതയുമായി - സവിശേഷമാംവിധം ദരിദ്രരുമായി - തികഞ്ഞ ഐക്യദാർഢ്യത്തിൽ ജീവിക്കുന്നു.

**3.2. ദൗത്യം:** ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിന് ജനങ്ങളെ നയിക്കാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സുവിശേഷമൂല്യങ്ങൾ ജീവിച്ചുകൊണ്ടും, ജാതി, വിശ്വാസം, ലിംഗവ്യത്യാസം, ഭാഷ, സംസ്കാരം, സമൂഹത്തിലെ പദവി എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനവും ഭയവും കൂടാതെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ജീവിച്ചുകൊണ്ടും സഭ അപ്രകാരം ചെയ്യണം.

**4.0. ഇന്നത്തെ വെല്ലുവിളികൾക്ക് ഭാരതീയസഭ നല്കുന്ന പ്രത്യുത്തരം**

പുനഃപരിശോധനയ്ക്കും സമുചിതമായ പ്രത്യുത്തരത്തിനുംവേണ്ടി മെത്രാന്മാർ താഴെപ്പറയുന്ന മേഖലകൾ തിരഞ്ഞെടുത്തു: i) കുടുംബജീവിതം ഇന്ന് ii) സമർപ്പിതജീവിത നവീകരണം iii) അല്മായ വിശ്വാസികളും സഭയുടെ ദൗത്യവും iv) എക്യുമെനിസം v) മതാന്തരസംവാദം vi) വിദ്യാഭ്യാസപ്രേഷിതത്വം vii) നമ്മുടെ പൊതുഭവനമായ ഭൂമിയുടെ സംരക്ഷണം viii) കാര്യക്ഷമമായ പ്രത്യുത്തരം നല്കുന്നതിനായി സഭയായിരിക്കുന്നതിനുള്ള നവീനരീതി.

**4.1. കുടുംബജീവിതം**

സഭയുടെയും സമൂഹത്തിന്റെയും ക്ഷേമം വലിയ തോതിൽ കുടുംബത്തെ വളർത്തുന്ന പ്രക്രിയയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അത് സഭയുടെയും സമൂഹത്തിന്റെയും ജീവനാഡിയാണ്. (ഇൻസ്ത്രുമെന്തും ലബോരിസ്, നമ്പർ 32,38). എന്നാലും "വിവാഹജീവിതത്തിലെ സ്നേഹം മിക്കപ്പോഴും സ്വാർത്ഥത, സുഖാസക്തി, നിയമവിരുദ്ധമായ ഗർഭനിരോധനരീതികൾ എന്നിവകൊണ്ട് അപമാനിക്കപ്പെടുകയാണ്" (ഗാവുദിയും ഏത്ത് സ്പെസ്, നമ്പർ 47). കുടുംബങ്ങൾക്ക് സുസ്ഥിരമായ അജപാലനശുശ്രൂഷ നല്കുകയെന്ന അടിയന്തിരാവശ്യത്തിലേക്ക് റോമിൽ അടുത്തകാലത്തു നടന്ന രണ്ടു സിനഡുകളും ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

**നിർദേശങ്ങൾ**

1. ഇടവക വൈദികർ കൂടെക്കൂടെ കുടുംബങ്ങൾ സന്ദർശിക്കുക.
2. വിവാഹ ഒരുക്കത്തിനും വിവാഹപോഷണത്തിനും വേണ്ടിയുള്ള കർമ്മ പരിപാടികൾ സംഘടിപ്പിക്കുക
3. ഐക്യത്തോടെ ജീവിക്കാനും മറ്റുള്ളവരെ സഹായിക്കാനും കുടുംബങ്ങളെ പഠിപ്പിക്കുക
4. മാധ്യമങ്ങളും സമൂഹവും കുടുംബങ്ങൾക്കെതിരേ ഉയർത്തുന്ന വെല്ലുവിളികളോട് പ്രതികരിക്കുക. പ്രോലൈഫ് പ്രശ്നങ്ങൾ, മാനുഷിക ലൈംഗികത, അശ്ലീലസാഹിത്യം വൈവാഹിക വിശ്വസ്തത എന്നീ മണ്ഡലങ്ങളിലുള്ള വെല്ലുവിളികൾ ഉദാഹരണങ്ങളാണ്.
5. ഫാമിലി കൗൺസിലിംഗ് സെന്ററുകളെയും രൂപതാതല ഫാമിലി കമ്മീഷനുകളെയും വളർത്തുക. ഫാമിലി കൗൺസിലർമാരാകാൻ വൈദിക വിദ്യാർത്ഥികളെയും വൈദികരെയും പരിശീലിപ്പിക്കുകയും അവരോടൊത്തു സ്ഥിരം സഞ്ചരിക്കുകയും ചെയ്യുക.
6. കുടുംബമൂല്യങ്ങൾ, കുടുംബപ്രാർത്ഥന, കുടുംബസഹഭോജനം, കുടുംബവിനോദയാത്രകൾ, ലഘു ക്രൈസ്തവസമൂഹങ്ങളിലൂടെ (എസ്.സി.സി കളിലൂടെ) ബൈബിൾ ഷെയറിംഗ് എന്നിവ വളർത്തുക
7. വാർധക്യത്തിലെത്തിയവരെ സംരക്ഷിക്കാനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക. അവരെ ആദരിച്ചും അവരിൽ നിന്നു പഠിച്ചും അങ്ങനെ ചെയ്യുക.

**4.2. സമർപ്പിത വ്യക്തികളുടെ നവീകരണം**

സന്ന്യസ്തവൈദികർ സന്ന്യസ്ത സഹോദരന്മാർ സന്ന്യസ്തസഹോദരിമാർ എന്നിവർ ഉൾപ്പെടുന്ന ഒരു ലക്ഷത്തിഇരുപത്തയ്യായിരത്തിലേറെ വ്യക്തികളെകൊണ്ട് ഭാരതകത്തോലിക്കാസഭ അനുഗ്രഹീതയാണ്. അവരെല്ലാവരും വിദ്യാഭ്യാസപരവും ആരോഗ്യസംരക്ഷണപരവും സാമൂഹിക സേവനപരവുമായ സ്ഥാപനങ്ങളുടെ വലിയ ശൃംഖലയിൽ ശ്രദ്ധേയമാംവിധം സഭയ്ക്ക് സേവനം ചെയ്യുന്നുണ്ട്. സമർപ്പിതവ്യക്തികളുടെ നിസ്വാർത്ഥവും സമർപ്പണപരവുമായ ജീവിതത്തെ സഭ വലിയ തോതിൽ അംഗീകരിക്കുന്നു. എന്നാലും ഇക്കാലത്ത് സമർപ്പിത ജീവിതം തിരഞ്ഞെടുക്കുന്നവരുടെ സംഖ്യ കുറയുന്നുണ്ട്. ഈ ദൈവദാനം കൂടുതൽ ആകർഷകവും പ്രസക്തവുമാക്കാൻ നവീനവും സർഗോത്മകവും ആത്മവിമർശനപരവുമായ സമീപനം ആവശ്യമാണ്. ഇടവക സമൂഹത്തിലൂടെയും ബന്ധപ്പെട്ട പ്രേഷിതത്വത്തി

ലൂടെയും ദൈവത്തിന്റെ കാരുണ്യത്തിന് സാക്ഷ്യം നല്കുന്ന ആയിരക്കണക്കിനു വൈദികരുടെ ഉദാരതാപൂർണമായ സമർപ്പണത്തെ ഞങ്ങൾ പ്രശംസിക്കുന്നു. അതേ സമയം വൈദികജീവിതം സമഗ്രമായ നവീകരണത്തിനും പരിഷ്കരണത്തിനും വിധേയമാക്കുക ആവശ്യമാണെന്നു ഞങ്ങൾക്ക് അഭിപായമുണ്ട്.

**നിർദേശങ്ങൾ**

1. സ്ഥാപകന്റെ സിദ്ധി വീണ്ടും കണ്ടെത്തുകയും അജപാലനശുശ്രൂഷയ്ക്കു പുനഃ സമർപ്പണം നടത്തുകയും ചെയ്യുക. നിലനിറുത്തുകയെന്നതിൽ നിന്ന് ദൗത്യത്തിലേക്ക് ഊന്നൽ മാറ്റിക്കൊണ്ട് അങ്ങനെ ചെയ്യണം.
2. വിശുദ്ധ ജോൺപോൾ രണ്ടാമൻ ശുപാർശ ചെയ്തിട്ടുള്ളതുപോലെ സമർപ്പിതജീവിതരീതി ധ്യാനത്തിന്റെയും പ്രവർത്തനാത്മകസേവനത്തിന്റെയും സമ്മിശ്രിതമായിരിക്കണം.

3. അർത്ഥികളെ ശ്രദ്ധാപൂർവം തിരഞ്ഞെടുത്തും ക്രിസ്തുകേന്ദ്രീകൃത പരിശീലനം നല്കിയും ദരിദ്രരോടുള്ള സമർപ്പണം നടത്തിയും സമർപ്പിതജീവിതത്തിന്റെ ഗുണമേന്മ നിലനിറുത്തണം.

4. മെത്രാനുമായി കൂടുതൽ സഹകരിച്ചുകൊണ്ടും ഇടവകസമൂഹത്തിലെ അജപാലനജീവിതത്തിൽ ഉൾചേർന്നുകൊണ്ടും സഭയുടെ ദൗത്യത്തിൽ പങ്കുചേരണം.

**4.3. അല്മായ വിശ്വാസികളും സഭയുടെ ദൗത്യവും**

അല്മായ വിശ്വാസികൾക്ക് സുവിശേഷപ്രചാരണത്തിൽ വ്യതിരിക്തമായ ഒരു പങ്കുണ്ട്. ആ ദൗത്യനിർവഹണത്തിന് സഭയ്ക്ക് അവരെ ആവശ്യമുണ്ട്. മാമ്മോദീസയിൽ പരിശുദ്ധാത്മാവ് അവർക്കു നല്കിയ അധികാരം, സർഗാത്മകത, ശക്തി എന്നിവയോടെ അവർ നിർവഹിക്കണം. *ലൂമെൻ ജേൻസിയും* എന്ന കോൺസ്റ്റിറ്റ്യൂഷന്റെ 31-ാം നമ്പറിൽ ഇങ്ങനെ പറയുന്നുണ്ട്: “അല്മായർ തങ്ങളുടെ ദൗത്യം കൊണ്ടു തന്നെ ദൈവരാജ്യം അന്വേഷിക്കുന്നു. ഭൗതിക കാര്യങ്ങളിൽ വ്യാപരിച്ചും ദൈവത്തിന്റെ പദ്ധതിയനുസരിച്ച് അവയെ ക്രമീകരിച്ചും അങ്ങനെ ചെയ്യുന്നു. അവർ ലോകത്തിൽ അതായത്, ലൗകികമായ എല്ലാ വിദഗ്ധജോലികളും തൊഴിലുകളും ചെയ്തുകൊണ്ട് ജീവിക്കുന്നു. അവിടെ സുവിശേഷ ചൈതന്യത്താൽ പ്രേരിതരായി സ്വകർത്തവ്യങ്ങൾ നിർവഹിച്ചുകൊണ്ട് ലോകവിശുദ്ധീകരണാർത്ഥം അതിലെ പുളിമാവായി വർത്തിക്കാൻ ദൈവം അവരെ വിളിച്ചിരിക്കുന്നു.” അതുപോലെ, അല്മായർ ക്രിസ്തുവിന്റെ വൈദികപരവും പ്രവാചകപരവും രാജകീയവുമായ കർത്തവ്യത്തിൽ പങ്കുചേരുന്നുണ്ട് (cf അപ്പസ്തോലിക്കാം അക്ത്വോസിത്താത്തെം നമ്പർ 2)

**നിർദേശങ്ങൾ**

1. സഭയിൽ അല്മായാവിശ്വാസികൾക്കുള്ള മഹത്ത്വവും പങ്കും അവരുടെ പങ്കിന്റെ പ്രാധാന്യവും അംഗീകരിക്കുക.
2. ലഘുക്രൈസ്തവസമൂഹങ്ങളിലൂടെ (എസ്.സി.സി) സഭയിലും ഭൗതിക ക്രമത്തിലും ഉൾപ്പെടാൻ അല്മായരെ പ്രോത്സാഹിപ്പിക്കുക.
3. വിശ്വാസപരിശീലനം തൊഴിൽ പരിശീലനം എന്നിവയുടെ കർമ്മപദ്ധതികൾ തുടങ്ങുക
4. പാർലിമെന്റ്, അസംബ്ലികൾ, സിവിൽ സർവീസ്, ബിസിനസ്സ് സംരംഭങ്ങൾ, നീതിനിർവഹണം എന്നിവയിൽ സുപ്രധാന നേതൃത്വസ്ഥാനങ്ങൾ ഏറ്റെടുക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുക
5. നീതിയുക്തമായ കൂലികൊടുത്തും സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തിയും തൊഴിലിന്റെ മഹത്ത്വം അംഗീകരിക്കുക

6. സ്കോളർഷിപ്പുകളും സൗകര്യങ്ങളും നല്കിക്കൊണ്ടും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായാ ഭാഗഭാഗിത്വം വളർത്തിക്കൊണ്ടും അല്മായാവിശ്വാസികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**4.3.1. ക്രൈസ്തവസമൂഹത്തിലുള്ള പാർശ്വവത്കരിക്കപ്പെട്ടവരും കൂടുതൽ ദുർബലരുമായിട്ടുള്ളവർ (ദളിതർ, ഗോത്രവർഗങ്ങൾ വിഭിന്നശേഷിക്കാർ, സ്ത്രീകൾ)**

ഗോത്രവർഗക്കാർ സ്ത്രീകൾ, ദളിതർ മുതലായ ദുർബലവിഭാഗങ്ങളുടെ വിമോചനത്തിന് വേണ്ടി സഭ സ്വയം സമർപ്പിക്കുന്നു. മത്സ്യബന്ധനക്കാർ, കർഷകർ, കുടിയേറ്റക്കാർ, വീട്ടുവേലക്കാർ, കള്ളക്കടത്തിന്റെ ഇരകൾ മുതലായ അസംഘടിത ഗ്രൂപ്പുകളിലേക്ക് കൂടുതലായി എത്തിച്ചേരാൻ സഭ ആഗ്രഹിക്കുന്നു. ദരിദ്രർക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന എൻജിഒകളും അതുപോലെ സന്മനസ്സുള്ള ഗ്രൂപ്പുകളും വ്യക്തികളുമായി സഹകരിച്ച് അവരുടെ സഹായവും പ്രവർത്തനവും ആശ്രയിച്ച് അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നു.

**നിർദേശങ്ങൾ**

1. ജാതിവ്യവസ്ഥ ഭാരതത്തിൽ ഒരു യാഥാർത്ഥ്യമാണെന്നും അത് സഭയുടെ ചില ഭാഗങ്ങളിലേക്കും നുഴഞ്ഞുകയറിയിട്ടുണ്ടെന്നും ജനം മനസ്സിലാക്കിക്കൊണ്ട് ക്രൈസ്തവ ദളിത് വിഭാഗത്തോട് ഹൈന്ദവ ദളിത് വഭാഗത്തോടെന്നപോലെതന്നെ പെരുമാറാൻ സർക്കാരിനെ പ്രേരിപ്പിക്കുക
2. ദളിത് ഉത്പത്തിയുള്ള ക്രൈസ്തവരെ സഭയിലെ മറ്റുള്ളവരോട് ഉദ്ഗ്രഥിക്കാൻ ഭാവാത്മക പ്രവർത്തനങ്ങൾ തുടങ്ങുക. വിദ്യാഭ്യാസത്തിലൂടെയും തൊഴിൽദാനത്തിലൂടെയും അങ്ങനെ ചെയ്യുക.
3. ഭാരതീയ ഭരണഘടനയിൽ ഗോത്രവർഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ അവകാശങ്ങൾക്കായുള്ള വാദം ശക്തിപ്പെടുത്തുക.
4. ഭൂമിയുടെ അന്യവത്കരണം, സ്ഥലം മാറ്റൽ, മനുഷ്യകള്ളക്കടത്ത്, കുടിയേറ്റം മുതലായ പ്രശ്നങ്ങളെ നേരിടാൻ വേണ്ടിയുള്ള വക്കാലത്തും നെറ്റു വർക്കിങ്ങും പോഷിപ്പിക്കുക.
5. വിഭിന്ന ശേഷിക്കാരോട് സംവേദകത്വം പുലർത്തുക. അവരുടെ ആവശ്യങ്ങൾക്കു ചേർന്ന സൗകര്യങ്ങൾ നല്കിക്കൊണ്ട് അങ്ങനെ ചെയ്യുക.
6. നിരാശരായ കർഷകരുടെ ദുരവസ്ഥ പരിഹരിക്കുകയും നമ്മുടെ കർഷകരുടെ ആത്മഹത്യ തടയുകയും ചെയ്യുക.
7. സ്ത്രീപുരുഷസമത്വം പോഷിപ്പിക്കുകയും നമ്മുടെ സഹകരണസംവിധാനങ്ങളിൽ സ്ത്രീകൾക്കു കൂടുതൽ ഭാഗഭാഗിത്വം നല്കുകയും ചെയ്യുക.
8. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഗ്രീവൻസ് സെല്ലുകൾ സ്ഥാപിക്കുകയും ഉള്ളവയെ വീണ്ടും ശക്തിപ്പെടുത്തുകയും ചെയ്യുക.

**4.3.2. യുവജനപ്രേഷിതത്വം**

ഭാരതം യുവത്വമുള്ള രാഷ്ട്രമാണെന്നും ഭാരതത്തിലെ സഭയും അങ്ങനെയുള്ളതാണെന്നും മനസ്സിലാക്കുമ്പോൾ, നാളത്തേക്കുള്ള നേതാക്കളെ ഇന്നു സജ്ജീകൃതരാക്കുക അത്യാവശ്യമായിരിക്കുന്നു.

**നിർദേശങ്ങൾ**

1. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ജീസസ് യൂത്ത്, വൈസിഎസ്, വൈഎസ്എം, ഐസിവൈഎം, ഐകഫ് എന്നിവയിലൂടെ യുവജനസഭയെ വളർത്തുക. സ്വയംഭരണാധികാരമുള്ള സഭകളിലെ യുവജനസംഘടനകളെ (എസ്എം വൈഎം എം.സി.വൈ.എം. എന്നിവയെ) പ്രോത്സാഹിപ്പിക്കുക. യുവജന പ്രേഷിത പ്രവർത്തനം എല്ലാ തലങ്ങളിലും വളർത്തുക.

2. യുക്യാറ്റ്, ഡോക്യാറ്റ്, യൂത്തുബൈബിൾ എന്നിവയിലൂടെ യുവജനങ്ങൾക്കുള്ള പരിശീലനം പ്രോത്സാഹിപ്പിക്കുക. സന്മാർഗപരവും ധാർമ്മികവുമായ മൂല്യങ്ങളെ പോഷിപ്പിച്ച് വിമർശനബുദ്ധിയും പ്രശ്ന പരിഹാര ശക്തിയും വളർത്തിക്കൊണ്ട് അങ്ങനെ ചെയ്യുക.

3. സഭയിലും സമൂഹത്തിലും, വിശിഷ്യ രാഷ്ട്രീയ ജീവിതത്തിലും സിവിൾ സർവീസിലും നേതൃത്വം വഹിക്കാൻ ജന്മസിദ്ധമായ കഴിവുള്ള യുവജനത്തെ വളർത്തുക.

**4.4.1. എക്യുമെനിസം**

ക്രൈസ്തവരുടെയിടയിലുള്ള വിഭജനങ്ങളെ മറികടക്കാനും പരസ്പരബന്ധവും സൗഹൃദവും സഹകരണവും സ്ഥാപിക്കാനും മാമ്മോദീസയിലൂടെയുള്ള നമ്മുടെ പൊതു ദൈവവിശ്വാസമാണ് അടിസ്ഥാനമായിട്ടുള്ളത്. "എല്ലാ ക്രൈസ്തവസഭകളും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുകയെന്നത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ക്രിസ്തുനാഥൻ ഒരു സഭ മാത്രമേ സ്ഥപിച്ചിട്ടുള്ളൂ. എന്നാൽ അനേകം ക്രൈസ്തവർ ചിന്താഗതിയിൽ വ്യത്യസ്തരാണ്. അവർ സ്വന്തം മാർഗങ്ങളിലൂടെ പോകുകയും ചെയ്യുന്നു, ക്രിസ്തു തന്നെ വിഭജിക്കപ്പെട്ടിരിക്കുന്നതുപോലെ"( ഊണി ത്താത്തിസ് റെഡിന്തെഗ്രാസ്യോ നമ്പർ 1). അതുകൊണ്ട് ഇന്നത്തെ ആവശ്യം ഇതാണ്: സംവാദത്തിലടെയും പൊതുവായ എക്യുമെനിക്കൽ സർവീസുകളിലൂടെയും ക്രൈസ്തവരുടെയിടയിൽ കൂടുതൽ നല്ല സഹകരണം പോഷിപ്പിക്കാനുള്ള കർമ്മപരിപാടികൾ തുടങ്ങുക.

**നിർദേശങ്ങൾ**

1. ഇന്റർചർച്ച് കൗൺസിലുകൾ, യുണൈറ്റഡ് ക്രിസ്ത്യൻ ഗ്രൂപ്പുകൾ എന്നിങ്ങനെയുള്ള എക്യുമെനിക്കൽ സംഘങ്ങൾ സ്ഥാപിക്കുക (പ്രാദേശികതലത്തിലും ദേശീയതലത്തിലും)
2. സാമൂഹികവും നിയമപരവുമായ പ്രശ്നങ്ങൾ (പരിസ്ഥിതി പ്രശ്നങ്ങൾ, മനുഷ്യാവകാശപരവും നൈയാമികവുമായ പ്രശ്നങ്ങൾ മുതലായ) പഠിക്കുന്നതിന് എക്യുമെനിക്കൽ ഗ്രൂപ്പുകളുമായി സംവാദം നടത്തുക
3. വൈദിക വിദ്യാർത്ഥികൾ, വൈദികർ സന്ന്യസ്തർ അല്മായർ എന്നിവർക്കായി എക്യുമെനിസത്തെ സംബന്ധിച്ച പ്രത്യേക കർമ്മപരിപാടികൾ സംഘടിപ്പിക്കുക.
4. മൗലികവാദപരമായ ഗ്രൂപ്പുകളും സെക്റ്റുകളുമായി സമ്പർക്കത്തിലേർപ്പെടുകയും അവരുമായി സംവാദം നടത്തുകയും ചെയ്യുക.
5. ആധ്യാത്മിക എക്യുമെനിസം വളർത്തുക. പൊതുപ്രാർത്ഥനകൾ പൊതുവായ എക്യുമെനിക്കൽ ബൈബിൾ എന്നിവ ഉപയോഗിച്ച് അങ്ങനെ ചെയ്യുക. ആധ്യാത്മിക സമ്പന്നതകൾ പങ്കുവയ്ക്കുക

**4.4.2 മതാന്തരസംവാദം**

മതാന്തരസംവാദം പ്രഥമഗണനയർഹിക്കുന്ന അടിയന്തിരസ്വഭാവമുള്ള കാര്യമാണിന്ന്. സംവാദത്തിന്റെ ലക്ഷ്യം സൗഹൃദവും സമാധാനവും സമന്വയവും സ്ഥാപിക്കുകയും ആധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളും അനുഭവങ്ങളും സത്യത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്തോടെ പങ്കുവയ്ക്കുകയും ചെയ്യുകയെന്നതാണ്. "റെദെംപ്തോരിസ് മിസ്യോ" എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം വ്യക്തമായി പ്രസ്താവിക്കുന്നു: "മതാന്തരസംവാദം സഭയുടെ പ്രേഷിതത്വദൗത്യത്തിന്റെ ഒരുഭാഗമാണ്....രക്ഷാപദ്ധതിയുടെ വെളിച്ചത്തിൽ, ക്രിസ്തുവിനെ പ്രഘോഷിക്കലും മതാന്തരസംവാദത്തിൽ ഏർപ്പെടലും തമ്മിൽ ഒരു വൈരുധ്യവും സഭ കാണുന്നില്ല...വിശ്വാസികളിലെ ഓരോ അംഗവും എല്ലാ ക്രൈസ്തവസമൂഹങ്ങളും സംവാദം നടത്താൻ വിളിക്കപ്പെട്ടിരിക്കുന്നു. സംവാദം ദൈവരാജ്യത്തിലേക്കുള്ള പാതയാണ്" (നമ്പർ 56, 57).

**നിർദേശങ്ങൾ**

1. നമ്മുടെ സ്ഥാപനങ്ങളിലും സെമിനാരികളിലും ഫോർമേഷൻ ഹൗസുകളിലും മതാന്തരസംഭാഷണ ത്തെക്കുറിച്ചുള്ള ഫോർമേഷൻ പ്രോഗ്രാമുകൾ നടത്തുക.
2. സ്കൂളുകളിലെ മതബോധക്ലാസുകളിൽ മാതന്തരസംവാദം ഒരു വിഷയമാക്കുക
3. ലഘുക്രൈസ്തവ സമൂഹം (എസ്സ്സിസി) വഴി മതാന്തരസംവാദം പ്രോത്സാഹിപ്പിക്കുക
4. മറ്റു മതങ്ങളിലെ ആളുകളുടെ വികാരങ്ങളെ മാനിക്കുക
5. വ്യവസായികൾ, രാഷ്ട്രീയപ്രവർത്തകർ, ജേർണലിസ്റ്റുകൾ എന്നിവരുമായി സംവാദം നടത്തുന്ന തിന് കാത്തലിക് ഗിൽഡുകളും മറ്റുള്ള സംഘടനകളും ഉപയോഗിക്കുക
6 നീതിയും സമാധാനവും വളർത്തുന്നതിനുള്ള പരിശീലന കർമ്മ പരിപാടികൾ സംഘടിപ്പിക്കുക
7. സഹകരണപരവും, അനുരഞ്ജനപരവുമായ പങ്കിലൂടെ മതസമന്വയവും ദേശീയോദ്ഗ്രഥനവും വളർത്തുക
8. ജാതി, ഭാഷ, വംശം എന്നിവ സൃഷ്ടിച്ചിട്ടുള്ള വിഭജനപരവും അസഹിഷ്ണുതാപരവുമായ കോട്ട കളെ തകർക്കുക.

**4.5. വിദ്യാഭ്യാസ പ്രേഷിതത്വം**

വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലനിന്നു പോകുകയെന്ന രീതിയിൽ നിന്ന് ഉയർന്ന് ദരിദ്രർക്കും പാർശ്വവ ത്കരിക്കപ്പെട്ടവർക്കും ഹൃദയപൂർവം ആരോഗ്യകരമായ വിദ്യാഭ്യാസം നല്കണം. സിബിസിഐയുടെ എഡ്യുക്കേഷൻ പോളിസി ഇപ്രകാരം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്: "കത്തോലിക്കാവിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാവരെയും ഉൾപ്പെടുത്തുന്ന ആരോഗ്യകരമായ വിദ്യാഭ്യാസം നല്കണം. പ്രത്യേ കിച്ച് പാർശ്വവത്കരിക്കപ്പെട്ടവർക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നല്കണം. സമഗ്രമായും ഉത്ത രവാദിത്വപൂർണമായും ജീവിതം നയിക്കാൻ അവരെ ശക്തരാക്കുന്നതിനും അങ്ങനെ വ്യക്തിയെയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുന്നതിനും വേണ്ടിത്തന്നെ" (AICEP 2007).

**നിർദേശങ്ങൾ**

1. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴും നിയമനം, സ്റ്റാഫിന്റെ അപ്രൂ വൽ, ന്യൂനപക്ഷ സർട്ടിഫിക്കറ്റ് നല്കൽ, ഗ്രാന്റ്-ഇൻ-എയ്ഡ്, സ്കോളർഷിപ്പുകൾ മുതലായ പിന്തുണ സമ്പ്രദായങ്ങൽ നിഷേധിക്കപ്പെടുമ്പോഴും നൈയാമിക നടപടിയിലേക്കു നീങ്ങുക.
2. ക്രൈസ്തവവിദ്യാർത്ഥിക്ക് വിശ്വാസപരിശീലനവും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും വളർത്തുക. "സാമൂഹികമായും ഭൂമിശാസ്ത്രപരമായും അരികുകളിലുള്ളവരിലേക്ക് എത്തിച്ചേരുക. ചേരികളിലും ഗ്രാമപ്രദേശങ്ങളിലുമുള്ളവർക്ക് ഗുണപ്രദമായ വിദ്യാഭ്യാസം നല്കുക.
3. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെ ഭാവാത്മകമായി വളർത്തുകയെന്ന ആവശ്യം അംഗീകരിക്കുക. സത്സ്വഭാവവും ഉത്തമബോധ്യവുമുള്ള വ്യക്തികളെ, ഗുണപരമായ നേതൃത്വം നല്കാനും ഭരണപര മായ സേവനം ചെയ്യാനും കഴിവുള്ളവരെ, ഭരണഘടനാപരമായ മൂല്യങ്ങളും നമ്മുടെ രാജ്യത്തിന്റെ സമൂഹവാദപരവും മതനിരപേക്ഷതാപരവും ജനാധിപത്യപരവുമായ സ്വഭാവവും ഉയർത്തിപ്പിടിക്കാൻ കഴിവുള്ളവരെ, വാർത്തെടുക്കുന്നതിന് അങ്ങനെ ചെയ്യുക (National Educational Co-ordinators' Meet, 18 December 2015).
4. ന്യൂനപക്ഷസ്ഥാപനങ്ങൾക്കു സ്വകീയമായിട്ടുള്ള സ്വയംഭരണാവകാശം ഉറപ്പുവരുത്തുവാൻ പ്രാദേ ശികവും ജില്ലാപരവും സംസ്ഥാനപരവുമായ ഭരണകർത്താക്കളുമായി സമ്പർക്കം പുലർത്തുകയും അയൽവാസികളോടും സന്മനസ്സുള്ള എല്ലാവരോടും സൗഹൃദം പുലർത്തുകയും ചെയ്യുക.
5. വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ, സവിശേഷമാംവിധം സാമൂഹികമായി പിന്നോക്കം നില്കുന്ന വർക്കും പെൺകുട്ടികൾക്കും, നല്കുകയും ഭരണപരമായ സുതാര്യത, സാമ്പത്തിക ഉത്തരവാദിത്വം ഭാഗഭാഗിത്വമുള്ള ഭരണം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുക.

**4.6. നമ്മുടെ പൊതു ഭവനമായ ഭൂമിയുടെ സംരക്ഷണം**

ഭൂമിയുടെ വിഭവങ്ങളെ നിർദയമായി ചൂഷണം ചെയ്യുന്നത് മനുഷ്യവംശത്തിൻമേൽ വിപരീതഫലങ്ങൾ ഉളവാക്കും. ഫ്രാൻസിസ് മാർപാപ്പ ഇങ്ങനെ ഉറപ്പിച്ചുപറഞ്ഞു: "ദൈവസൃഷ്ടിയുടെ കാര്യസ്ഥരെന്ന നിലയിൽ, ഭൂമിയെ മനുഷ്യകുടുംബത്തിനുള്ള മനോഹരമായ പൂന്തോട്ടമാക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മൾ വനങ്ങൾ നശിപ്പിക്കുകയും, മണ്ണു ധൂർത്തടിക്കുകയും കടലുകൾ മലിനമാക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ ശ്രേഷ്ഠമായ വിളിയെ ഒറ്റിക്കൊടുക്കുക്കുകയാണ്" (പ്രഭാഷണം, മാനില ഫിലിപ്പെൻസ്, ജനുവരി 18, 2015). ഇതിനെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിപരമായ തരംതാഴ്ത്തലിന്റെ ഹൃദയത്തിലേക്കു നാം ഇറങ്ങിച്ചെല്ലണം. പരിസ്ഥിതിപരമായ ഉത്തരവാദിത്വത്തെ സംബന്ധിച്ച വിദ്യാഭ്യാസം നടപ്പാക്കുകയും വേണം. എന്തെന്നാൽ "നമ്മൾ എല്ലാവരും എല്ലാവരെയും സംബന്ധിച്ച് ഉത്തരവാദിത്വപ്പെട്ടവരാണ്!

**നിർദേശങ്ങൾ**

1. ഓരോ രൂപതയും ഇടവകയും ഒരു പരിസ്ഥിതി (ഹരിത) നയം രൂപീകരിക്കണം.
2. പരിസ്ഥിതി സംരക്ഷിക്കാനും പ്രകൃതിസ്നേഹം പോഷിപ്പിക്കാനും കർമ്മപരിപാടികൾ സംഘടിപ്പിക്കുക
3. സോളാർ എനർജിയുടെ ഉപയോഗം, മഴവെള്ളശേഖരണം, ബയോഗ്യാസ് പ്ലാന്റുകളുടെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക
4. ജീവിതശൈലിയുടെ മാറ്റത്തിലുടെ ശാശ്വതവികസനം വളർത്തുക (പുനരുപയോഗം, ചുരുക്കൽ, റീസൈക്ലിംഗ്)
5. ഓർഗാനിക്ക് കൃഷി പ്രോത്സാഹിപ്പിക്കുകയും കീടനാശിനികളും പ്ലാസ്റ്റിക്കും നിഷേധിക്കുകയും ചെയ്യുക.
6. പരിസ്ഥിതിവിദ്യാഭ്യാസവും എക്ളോജിക്കൽ കൺവേർഷനും എളുപ്പമുള്ളതാക്കുക

**4.7. കാര്യക്ഷമമായ പ്രത്യുത്തരം നല്കാൻ സഭയായിരിക്കുന്നതിന്റെ പുതിയ മാർഗം**

വാഴ്ത്തപ്പെട്ട മദർ തെരേസയും ഫ്രാൻസിസ് മാർപാപ്പായും ഇത്തരമൊരു ദർശനത്തോടും ദൗത്യത്തോടും കൂടി ജീവിക്കുന്നതിന്റെ ഉത്തമ മാതൃകകളാണ്. മദർ തെരേസ തന്റെ സുപരിചിത ജീവിതരീതി മാറ്റുകയും തന്റെ സന്ന്യസ്ത-സമർപ്പിത ജീവിതം തികച്ചും പുതിയ രീതിയിൽ നയിക്കാനുള്ള മൗലികമായ ഒരു തീരുമാനമെടുക്കുകയും ചെയ്തു. ഇതുപോലെ ഫ്രാൻസിസ് മാർപാപ്പായുടെ ജീവിതശൈലി നമ്മുടെ ക്രൈസ്തവ വിളിയിൽ ആത്മാർത്ഥതയുള്ളവരാകാൻ നമ്മെ വെല്ലുവിളിക്കുന്നു. പരമ്പരാഗത വ്യവസ്ഥിതിയിൽ നിന്നും സ്ഥാപനപരതയിൽ നിന്നും സ്വതന്ത്രനായി പുതിയ വഴി തുറന്ന് ജോലിയുടെയും പദവിയുടെയും ആശ്വാസങ്ങളും ആനുകൂല്യങ്ങളും പരിത്യജിച്ച് ക്രിസ്തുവിന്റെ കാരുണ്യവും സ്നേഹവും മൂർത്തീഭവിപ്പിച്ച് എല്ലാവർക്കും സുവിശേഷത്തിന്റെ സന്തോഷം നല്കിക്കൊണ്ട് അദ്ദേഹം അപ്രകാരമുള്ള വ്യക്തിയായിത്തീർന്നു. "സുവിശേഷത്തിന്റെ വെളിച്ചത്തിൽ എല്ലാ അതിർവരമ്പുകളിലേക്കും എത്തിച്ചേരാൻ നമ്മുടെ ആശ്വാസത്തിന്റെ മണ്ഡലങ്ങൾ ഉപേക്ഷിച്ചുപോകാനുള്ള കർത്താവിന്റെ വിളി അനുസരിക്കാൻ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു" (എവാഞ്ചെലീ ഗാവുദിയും നമ്പർ 20). നാം ഭാരതത്തിന്റെ വിശുദ്ധരുടെ മാതൃകാപരമായ ജീവിതത്താൽ വെല്ലുവിളിക്കപ്പെടുകയും പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വിശുദ്ധ തോമ്മാശ്ലീഹാ, വിശുദ്ധ ഫ്രാൻസിസ് സേവ്യർ, വിശുദ്ധ ഗോൺസാലോ ഗാർസിയ, വിശുദ്ധ അൽഫോൻസ, വിശുദ്ധ കുര്യാക്കോസ് ഏലീയാസ് ചാവറ, വിശുദ്ധ എവുപ്രാസിയ, വിശുദ്ധ ജോസഫ് വാസ്, വാഴ്ത്തപ്പെട്ട മദർ തെരേസ, വാഴത്തപ്പെട്ട ദൈവസഹായം പിള്ള, വാഴ്ത്തപ്പെട്ട മരിയ തെരേസാ ചിറമേൽ, വാഴ്ത്തപ്പെട്ട അഗസ്റ്റിൻ തേവർപറമ്പിൽ (കുഞ്ഞച്ചൻ), ദൈവദാസൻ ഫാദർ കോൺസ്റ്റന്റ് ലീവെൻസ് മുതലായവരെ ഇവിടെ ഓർമ്മിക്കാം.

#### 4.7.1. മെത്രാന്മാരും വൈദികരും

മെത്രാന്മാരും വൈദികരും ഭരണകർത്താക്കളെന്ന ജോലി നിർവഹിക്കുമ്പോൾ ഒന്നാമതായി അജഗണത്തിന്റെ അജപാലകരായിരിക്കണം. അവർ അജഗണത്തിനു സംലഭ്യരും സേവനമനോഭാവമുള്ളവരുമായിരിക്കണം. അവരുടെ ജീവിതശൈലി ഓരോ വ്യക്തിക്കും പ്രചോദനമായിരിക്കത്തക്കവിധം ലാളിത്യത്തിന്റെയും ആധ്യാത്മികതയുടെയും മാതൃകയായിരിക്കണം.

**നിർദേശങ്ങൾ**

1. അമിതമായ സ്ഥാപനവത്കരണം, ക്ലെരിക്കലിസം, ബാഹ്യമോടികൾ എന്നിവ ഉപേക്ഷിക്കുക
2.രൂപതയുടെ പാസ്റ്ററൽ കൗൺസിൽ, ഇടവകയുടെ പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കമ്മറ്റികൾ മുതലായവ അജപാലനപരമായ വ്യവസ്ഥിതികളെ സജീവമാക്കുക
3. നല്ല ഇടയന്റെ മാതൃക പിന്തുടർന്ന് ലളിതജീവിതരീതി സ്വീകരിച്ച് നമ്മുടെ ഭവനങ്ങളും സ്ഥാപനങ്ങളും ദരിദ്രർക്ക് തുറന്നുകൊടുക്കുക
4. ദൈവവചനത്തിന്റെയും പ്രാർത്ഥനയുടെയും ശക്തി വീണ്ടും കണ്ടെത്തുക
5. ആരോഗ്യപാലനം, സാമൂഹികവികസനം, വിദ്യാഭ്യാസം മുതലായ പ്രേഷിത പ്രവൃത്തികളെ സുവിശേഷവത്കരണത്തിനുള്ള ഉപകരണങ്ങളാക്കുക
6. വൈദികരുടെയും സന്ന്യസ്തരുടെയും പരിശീലനം നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികൾ വിശ്വാസത്തോടും ധീരതയോടും കൂടി നേരിടാൻ അവരെ ശക്തരാക്കുന്നതിനുവേണ്ടി നവീകരിക്കുക
7. സഭാഭരണത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സുതാര്യതയും ഉത്തരവാദിത്വവും വളർത്തുക

### 5. ഉപസംഹാരം

ഭാരതത്തിന്റെ യഥാർത്ഥ പൗരന്മാരെന്ന നിലയിൽ ജനാധിപത്യമൂല്യങ്ങളിലും ഭാരതത്തിന്റെ ഭരണഘടനയിലും ഞങ്ങൾ വിശ്വാസമർപ്പിക്കുന്നു. ദൈവത്തിന്റെ കൃപയിലും സ്നേഹത്തിലും കാരുണ്യത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട്, ദൈവദത്തമായ ഞങ്ങളുടെ ദൗത്യം നിർവഹിക്കാൻ, എല്ലായിടത്തുമുള്ള ജനങ്ങളുടെ സന്മനസ്സിലും പിന്തുണയിലും വിശ്വസിച്ചുകൊണ്ട്, ഞങ്ങൾ മുന്നേറുന്നു. കൂടുതൽ നല്ല സഭയും കൂടുതൽ നല്ല സമൂഹവുമായിത്തീരാനുള്ള പ്രവർത്തനത്തിന് ഐക്യദാർഢ്യത്തോടെ കൈകോർക്കാൻ ഭാരതത്തിലെ സന്മനസ്സുള്ള എല്ലാ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ലോകത്തിനു സന്തോഷവും പ്രത്യാശയും കൊണ്ടുവന്ന കാരുണ്യത്തിന്റെ അമ്മയും സുവിശേഷവത്കരണത്തിന്റെ നക്ഷത്രവുമായ പരിശുദ്ധ കന്യാകമറിയം, ഞങ്ങളുടെ ദൗത്യം നിർവഹിക്കാൻ ഞങ്ങളെ നയിക്കുകയും സഹായിക്കുകയും ചെയ്യട്ടെ.

**കാർഡിനൽ ക്ലീമിസ്** 9.3.2016
പ്രസിഡന്റ് സിബിസിഐ ബാംഗ്ലൂർ